# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2523 14/06/2019 ൽ മറുപടിക്ക്

**തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ പി.എഫ്. നിക്ഷേപം**

ചോദ്യം

**ശ്രീ.വി.പി.സജീന്ദ്രൻ**

മറുപടി

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ പി.എഫ്. നിക്ഷേപം കടപ്പത്രങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ എന്ത് തുകയാണ് ഇപ്രകാരം കടപ്പത്രത്തിൽ നിക്ഷേപിച്ചത്; ഏത് ബാങ്കിന്റെ കടപ്പത്രമാണ് വാങ്ങിയത്; | (ബി) | 150 കോടി രൂപയുടെ ധനലക്ഷ്മി ബാങ്കിന്റെ കടപ്പത്രമാണ് വാങ്ങിയത്. |
| (സി) | എത്ര വർഷത്തേക്കാണ് തുക നിക്ഷേപിച്ചത്; അതിലൂടെ ബോർഡിന് പ്രതിവർഷം എന്ത് തുക വരുമാനം ലഭിക്കും എന്ന് വ്യക്തമാക്കാമോ; | (സി) | 7 വർഷത്തേയ്ക്ക് കാലാവധി പൂർത്തിയാകും വരെ 11% നിരക്കിൽ അർദ്ധ വാർഷികമായി പലിശ ലഭിക്കുന്നതാണ്. |
| (ഡി) | സംസ്ഥാന സർക്കാർ ഇറക്കുന്ന കടപ്പത്രങ്ങൾ വാങ്ങാതെ ഷെഡ്യൂൾഡ് ബാങ്കിന്റെ കടപ്പത്രം വാങ്ങുവാനുണ്ടായ പ്രത്യേക സാഹചര്യം എന്താണ്; | (ഡി) | ധനലക്ഷ്മി ബാങ്കിൽ തന്നെ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപങ്ങളിൽ നിന്നുമാണ് സർക്കാർ കടപ്പത്രത്തേക്കാൾ കൂടുതൽ ആദായകരമായ ധനലക്ഷ്മി ബാങ്കിന്റെ തന്നെ കടപ്പത്രത്തിലേയ്ക്ക് മാറ്റി നിക്ഷേപിച്ചത് എന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (ഇ) | ഇപ്രകാരം കടപ്പത്രം വാങ്ങിയതിന് ഓഡിറ്റ് വിമർശനം ഉണ്ടായിട്ടുണ്ടോ; | (ഇ) | ഉണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | പ്രളയവും യുവതീപ്രവേശനവിഷയവും മൂലം ബോർഡിന് വരുമാന നഷ്ടം സംഭവിക്കുമെന്ന് അയ്യപ്പസ്വാമി മുൻകൂട്ടി തോന്നിപ്പിച്ച സാഹചര്യത്തിലാണ് കടപ്പത്രത്തിൽ തുക നിക്ഷേപിച്ചതെന്ന് ബോർഡ് സെക്രട്ടറി ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ പ്രസ്താവിച്ചിരുന്നോ എന്നറിയിക്കാമോ? | (എഫ്) | ഹൈക്കോടതിയിൽ സത്യവാങ്മൂലം നല്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ